**KVASU/MC/GENERAL/1.7**

(Minutes of the 41st meeting of the Management Council of KVASU)

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## 41-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ്

തീയ്യതി : **15 ജൂൺ 2022**, സമയം : ഉച്ചക്ക് **02.30** മണി

വേദി: പെരിയാർ ഹാൾ, വെറ്ററിനറി & അനിമൽ സയൻസസ് കോളേജ്, പൂക്കോട്, വയനാട്.

(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/12029/2022)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ – അദ്ധ്യക്ഷൻ
2. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി – ധനകാര്യ വിഭാഗം പ്രതിനിധി
3. ഡോ. സി. ലത, ഡയറക്ടർ (അക്കാദമിക്സ് & റിസേർച്ച്)
4. ഡോ. രാജീവ്. ടി.എസ്., ഡയറക്ടർ (സംരംഭകത്വ വിജ്ഞാന വ്യാപന വിഭാഗം)
5. ശ്രീ. വിഷ്ണു. ടി. (തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധി)
6. ഡോ. സാബിൻ ജോർജ്ജ് (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
7. ഡോ. സജിത്ത് പുരുഷോത്തമൻ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
8. ഡോ. ലീബ ചാക്കോ (തിരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപക വിഭാഗം പ്രതിനിധി)
9. ശ്രീ. രവിചന്ദ്രൻ.യു. (തിരഞ്ഞെടുക്കപ്പെട്ട അനദ്ധ്യാപക വിഭാഗം പ്രതിനിധി)
10. ശ്രീ. ഷൈജു. കെ. ആർ. (തിരഞ്ഞെടുക്കപ്പെട്ട തൊഴിലാളി വിഭാഗം പ്രതിനിധി)
11. ഡോ. കെ. പ്രമോദ് (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത ശാസ്ത്രജ്ഞൻ)
12. ഡോ. ഗോദവർമ്മ ഗിരിഷ് വർമ്മ (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത ശാസ്ത്രജ്ഞൻ)
13. ശ്രീമതി. ലീനാമ്മ ഉദയകുമാർ (ബഹു. ചാൻസലർ നാമ നിർദ്ദേശം ചെയ്ത കർഷക)
14. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ – മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ഡോ. കെ. വിജയകുമാർ, ഡീൻ, സി.വി.എ.എസ്., മണ്ണുത്തി.
2. ശ്രീ. ബാബുരാജ്. കെ.പി. – ഡയറക്ടർ (ഇൻ-ചാർജ്ജ്), ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം)
3. ശ്രീ. ചന്ദ്രബോസ്. പി.വി., സർവ്വകലാശാലാ ലോ ഓഫീസർ
4. ശ്രീ. മനോജ്. ടി.ആർ., ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്)
5. ശ്രീ. ബാലകൃഷ്ണൻ. ടി.പി., ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ (എംപ്ലോയ്മെന്റ് ഡയറക്ടറുടെ പ്രതിനിധി)

യോഗം 02.30 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

കേരള കാർഷിക സർവ്വകലാശാലാ മുൻ വൈസ് ചാൻസലർ ആയിരുന്ന ഡോ. കെ. വി. പീറ്ററുടെയും, റിട്ടയേഡ് പ്രൊഫസർ ഡോ. എം.ആർ. സുഭദ്രയുടെയും നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് യോഗം ഒരു മിനിറ്റ് മൗനം ആചരിച്ചു.

അടുത്ത കാലത്ത് സർവ്വകലാശാലക്ക് ലഭിച്ച പ്രധാന നേട്ടങ്ങളും സർവ്വകലാശാലയുടെ പ്രവർത്തനങ്ങളും ചെയർ യോഗത്തെ അറിയിച്ചു. ആയത് ചുവടെ കൊടുക്കുന്നു.

- പൂക്കോട് വെറ്ററിനറി കോളേജ് മാഗസിൻ "പേരിന്റെ ഒന്നാം ചലന നിയമം" മലയാള മനോരമ നൽകുന്ന ബെസ്റ്റ് കോളേജ് മാഗസിൻ ചീഫ് എഡിറ്റേഴ്സ് ട്രോഫി വിഭാഗത്തിൽ രണ്ടാം സ്ഥാനത്തിന് അർഹമായി. മാഗസിന്റെ എഡിറ്റർ ഡോ. അഞ്ജന, സ്റ്റാഫ് എഡിറ്റർ ഡോ. ഉമേഷ്. സി.ജി. എന്നിവരെ യോഗം അനുമോദിച്ചു. കൂടാതെ മണ്ണുത്തി വെറ്ററിനറി കോളേജ് മാഗസിൻ "ശേഷം മുണ്ഡനം" ആദ്യത്തെ മികച്ച പത്തു മാഗസിനുകളിൽ ഇടം നേടി. മാഗസിൻ എഡിറ്റർ ഡോ. രേണു, സ്റ്റാഫ് എഡിറ്റർ ഡോ. അജിത്. കെ.സ്. എന്നിവരെ യോഗം അനുമോദിച്ചു.

- 12-ാമത് സർവ്വകലാശാല സ്ഥാപക ദിനാഘോഷം "നിറവ് @ 12" ആഘോഷപൂർവ്വം കോളേജ് ഓഫ് എവിയൻ സയൻസസ് ആന്റ് മാനേജ്മെന്റ്, തിരുവിഴാംകുന്നിൽ സംഘടിപ്പിച്ചു. അതോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം സർവ്വകലാശാലാ പ്രോ ചാൻസലറും, ബഹു. മൃഗ സംരക്ഷണ – ക്ഷീര വികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി. ജെ. ചിഞ്ചുറാണി നിർവഹിച്ചു.

- സർവ്വകലാശാലയുടെ ഓഫീസേഴ്സ് സെലക്ഷനു ശേഷം ഡയറക്ടർ ഓഫ് അക്കാദമിക് റിസർച്ച്, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ്, ഡീൻ – വെറ്ററിനറി കോളേജ് പൂക്കോട് & മണ്ണുത്തി, ഡീൻ – വി.കെ.ഡി.എഫ്.റ്റി. മണ്ണുത്തി എന്നീ തസ്തികകളിൽ ഓഫീസർമാർ ചുമതലയേറ്റു.

- സർവ്വകലാശാലയുടെ ആദിവാസി വിഭാഗങ്ങൾക്കുള്ള ഉപജീവന സഹായ പദ്ധതിയായ "ഒപ്പം"-ന്റെ ഭാഗമായി സൗജന്യ മുട്ടക്കോഴി വിതരണവും പരിശീലന പരിപാടിയും 31.05.2022 തീയതിയിൽ ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പിന്റെ നേതൃത്വത്തിൽ ലക്കിടി പ്രിയദർശിനി കോളനിയിൽ നടന്നു. സർവ്വകലാശാല ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. 12 ഓളം കുടുംബങ്ങൾക്ക് 2 മാസം പ്രായമായ മുട്ടക്കോഴികളും, കോഴിത്തീറ്റയും സൗജന്യമായി നൽകി.

- ചെറിയ വളർത്തുമൃഗ കർഷകർക്കായുള്ള സർവ്വകലാശാലയുടെ കൈത്താങ്ങ് പദ്ധതിയായ "സ്പർശം", 2022 ജൂൺ 7-ാം തീയതി ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. കൂടാതെ ബേസിക് ബയോ ഇൻഫർമാറ്റിക്സ് ടൂൾ ഫോർ മോളിക്കുലാർ ജനറ്റിക് റിസർച്ച്, പ്രാഫിറ്റബിൾ പിഗ് ഫാമിംഗ്, അനാലിറ്റിക്കൽ ടെക്നിക്സ് ഇൻ ആനിമൽ ന്യൂട്രീഷൻ, ഡയഗ്നോസ്റ്റിക്ക് പാരസൈറ്റോളജി എന്നീ വിഷയങ്ങളിൽ ട്രെയിനിംഗ് പ്രോഗ്രാമുകളും സംഘടിപ്പിച്ചു.

- ഡയറക്ടറേറ്റ് ഓഫ് എന്റർപ്രണർഷിപ്പിന്റെ ആഭിമുഖ്യത്തിൽ സർവ്വകലാശാലാ പവലിയൻ തൃശൂർ പൂരം എക്സിബിഷൻ സ്റ്റാളിലും, കേരള സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ പരിപാടികളോടനുബന്ധിച്ച് കൽപ്പറ്റയിലും, മലപ്പുറം തിരൂരിലും നടന്ന എക്സിബിഷനിലും, തളിപ്പറമ്പിൽ ഹയർ എഡ്യൂക്കേഷൻ എക്സ്പോയിലും പ്രദർശിപ്പിച്ചു. തൃശ്ശൂർ ജില്ലയിൽ നടത്തിയ എക്സിബിഷനിലെ സ്റ്റാളിന് സർവ്വകലാശാലക്ക് ഒന്നാം സ്ഥാനം ലഭിച്ചു. പരിപാടികൾ സംഘടിപ്പിക്കുവാൻ നേതൃത്വം നൽകിയ ഡയറക്ടർ (എന്റർപ്രണർഷിപ്പ്)-നേയും ടീമിനേയും യോഗം അനുമോദിച്ചു.

തുടർന്ന് അജണ്ടകൾ അവതരിപ്പിക്കാൻ രജിസ്ട്രാറെ ക്ഷണിച്ചു.

| | |
|---|---|
| I.1 | Presentation on achievements of the University/Research Achievements of Scientists, if any. |
| **Decision** | No items were presented. |
| I.2 | Elections, if any, to be conducted. |
| **Decision** | No elections to be conducted. |

I.3 Answering of questions, if any.

**QUESTIONS RAISED BY Shri. SHYJU. KR**

**ചോദ്യം 1:** നാളിതുവരെയായിട്ടും സീനിയോറിറ്റി പരാതികൾ പരിഹരിച്ച് പുന:പ്രസിദ്ധീകരണം നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുക?

**ചോദ്യം 1.1:** മാനേജ്മെന്റ് കൗൺസിൽ തീരുമാനമാക്കിയ, സീനിയോറിറ്റി അനുസരിച്ച് തൊഴിലാളികളുടെ റൊട്ടേഷൻ അതാത് സ്റ്റേഷൻ ഫാം മേധാവികൾ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. കാരണം വ്യക്തമാക്കുക?

**ഉത്തരം (ചോദ്യം 1) :** നിലവിലെ സീനിയോറിറ്റി ലിസ്റ്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും സർവ്വകലാശാലാ ലേബർ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. ആയതനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉത്തരം (ചോദ്യം 1.1) :** 15/07/2021 തീയതിയിലെ കെ.വി.എ.എസ്.യു./ ജി.എ./ എൽ.ഒ./735/2015 നമ്പർ പരിപത്ര പ്രകാരം സീനിയർ തൊഴിലാളികളെ ഷെഡ്ഡിലും ജൂനിയർ തൊഴിലാളികളെ ഫോഡറിലും ജോലിക്ക് നിയോഗിക്കുന്നതിന് ഫാം മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**തീരുമാനം (ചോദ്യം 1):** സീനിയോറിറ്റി ലിസ്റ്റുമായി ബന്ധപ്പെട്ട് നിലവിലുള്ള പരാതികൾ പരിഹരിച്ച്, അടുത്ത യോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനു ലേബർ ഓഫീസർക്കു നിർദ്ദേശം നൽകി.

*നടപടി: ലേബർ ഓഫീസർ*

**തീരുമാനം (ചോദ്യം 1.1):** വേഗത്തിൽ നടപടികൾ പൂർത്തിയാക്കുന്നതിനു തീരുമാനിച്ചു.

*നടപടി: ലേബർ ഓഫീസർ*

---------------------------------------------------------------------------

**ചോദ്യം 2:** ഫാം അസിസ്റ്റന്റ് (വെറ്ററിനറി) തസ്തികയിലേക്ക് ഇന്റേണൽ സെലക്ഷൻ നടത്തുന്നതിലേക്കായി തൊഴിലാളികൾക്ക് Training നൽകാത്തതിന്റെ കാരണം വ്യക്തമാക്കുക?

**ഉത്തരം (ചോദ്യം 2) :** കെ.വി.എ.എസ്.യു സ്റ്റാറ്റ്യൂട്ട് പ്രകാരം ഫാം അസിസ്റ്റന്റ് ഗ്രേഡ് II (വെറ്ററിനറി) തസ്തികയിലേക്കുള്ള നിയമനം, KPSC വഴി നേരിട്ടുള്ള നിയമനവും താഴ്ന്ന വിഭാഗം തസ്തികകളിൽ നിന്നുള്ള ഇന്റേണൽ സെലക്ഷൻ വഴിയുമാണ്. ഇൻറേണൽ സെലക്ഷന്റെ യോഗ്യത സ്റ്റാറ്റ്യൂട്ട് പ്രകാരം +2 അല്ലെങ്കിൽ തത്തുല്യവും, ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും ലൈവ് സ്റ്റോക്ക് മാനേജ്മെന്റിലെ ഡിപ്ലോമയുമാണ്. മേൽ യോഗ്യതയുള്ളവരുടെ

അഭാവത്തിൽ, അത് നേരിട്ടുള്ള നിയമനത്തിന് പരിഗണിക്കുമെന്നും സ്റ്റാറ്റ്യൂട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ടുള്ള നിയമനം സാധ്യമാക്കുന്നതിലേക്കായി സർക്കാർ തലത്തിൽ നടപടികൾ ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് കത്തുകൾ നൽകിയിട്ടുണ്ട്.

ആയതിനാൽ ട്രെയിനിങ് നടത്തി ഫാം അസിസ്റ്റന്റ് തസ്തികയിലേക്ക് ഇന്റേണൽ സെലക്ഷൻ നടത്താൻ സ്റ്റാറ്റ്യൂട്ടിലെ നിലവിലെ വ്യവസ്ഥകൾ അനുവദിക്കുന്നില്ല എന്ന് അറിയിക്കുന്നു.

**തീരുമാനം:** നൽകിയ ഉത്തരം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

============================================================

**QUESTIONS RAISED BY Shri. RAVICHANDRAN. U**

**ചോദ്യം 3:** സർവ്വകലാശാലയിൽ Leave Preparatory Retirement Promotions നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ.?

**ചോദ്യം 3.1:** ഉണ്ടെങ്കിൽ എന്താണ് തടസ്സം.?

**ചോദ്യം 3.2:** മറ്റെല്ലായിടത്തും നടപ്പിലാക്കുന്നത് നമുക്ക് മാത്രം മാറ്റി വെക്കാൻ പറ്റുമോ.

**ഉത്തരം (ചോദ്യം 3) :** തടസ്സമുണ്ട്.

**ഉത്തരം (ചോദ്യം 3.1) :** 05/11/2020 തീയ്യതിയിലെ സർക്കാർ ഉത്തരവ് നമ്പർ 152/2020/ഫിൻ പ്രകാരമുള്ള വ്യയനിയന്ത്രണ നിർദ്ദേശങ്ങളിൽ, ഒരു ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിന് മേൽ അവധിയെടുത്താൽ പ്രൊമോഷൻ നൽകി ഒഴിവുകൾ നികത്തികൊണ്ടുള്ള സമ്പ്രദായം ഒഴിവാക്കിക്കൊണ്ട് ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സവ്വകലാശാലയിൽ Leave Preparatory to Retirement promotionsനടപ്പിലാക്കുന്നതിന് തടസ്സമുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റിൽ നിന്ന് സംശയ നിവാരണം വരുത്തുന്നതിലേക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉത്തരം (ചോദ്യം 3.2) :** മേൽസൂചിപ്പിച്ച ഉത്തരവിന് വിരുദ്ധമായി ഇപ്രകാരമുള്ള പ്രൊമോഷൻ സർക്കാരിന്റെ മറ്റ് വിഭാഗങ്ങളിലോ സ്ഥാപനങ്ങളിലോ നടപ്പാക്കുന്നതായി സർവ്വകലാശാലയുടെ ശ്രദ്ധയിൽ വന്നിട്ടില്ല.

**തീരുമാനം (ചോദ്യം 3, 3.1 & 3.2):** നൽകിയ ഉത്തരങ്ങൾ അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ*

---

**ചോദ്യം 4:** സർവ്വകലാശാലയിൽ ഫാം സ്റ്റാഫ് വിഭാഗത്തിൽ ഒഴിവുള്ള തസ്തികകളിൽ Retired Staffനെ താൽക്കാലികമായി നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ.

**ചോദ്യം 4.1:** ഉണ്ടെങ്കിൽ എന്താണ് തടസ്സം.

**ചോദ്യം 4.2:** ഇല്ലെങ്കിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ.

**ഉത്തരം (ചോദ്യം 4) :** തടസ്സമുണ്ട്.

**ഉത്തരം (ചോദ്യം 4.1) :** സർവ്വകലാശാലയിലെ ഫാം അസിസ്റ്റന്റ് (വെറ്റി ) തസ്തികകളിലെ നിയമനം പി.എസ്.സി വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. സർവ്വകലാശാലയിലെ ഡിപ്ലോമ കോഴ്സ് കഴിഞ്ഞ സ്റ്റാറ്റ്യൂട്ട് പ്രകാരമുള്ള യോഗ്യതയുള്ള നിരവധി ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ഫാം അസിസ്റ്റന്റ് ജോലിക്കായി കാത്തിരിക്കുന്നുണ്ട്. ആയതിനാൽ ടി തസ്തികകളിൽ സ്ഥിര നിയമനം വരുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനായി എല്ലാ സ്റ്റേഷൻ മേധാവികളെയും അറിയിച്ചിട്ടുണ്ട്.

**ഉത്തരം (ചോദ്യം 4.2) :** ബാധകമല്ല

**തീരുമാനം (ചോദ്യം 4, 4.1 & 4.2):** നൽകിയ ഉത്തരങ്ങൾ അംഗീകരിച്ചു.
*നടപടി: രജിസ്ട്രാർ*

========================================= =================

**QUESTIONS RAISED BY Dr. PROMOD. K**

**Qtn 5:** Alumni are very much important for an academic institution. There are several instances where the alumnus has contributed immensely to the development of the institutions. Kerala Veterinary and Animal Science University is bestowed with great alumnus adorning high positions in administrative, academic and research portfolios. Their contributions in improving the academic environment of KVASU has to be pondered and utilized. Moreover, it will help in student placement and career development. Their presence and advice will be an inspirational teat to the students of this institute.

Hence,

1) Will KVASU make a data base of Alumni serving in various positions in administrative and academic positions?
2) Will KVASU make necessary steps to engage national and international alumnus organization through KVASU website
3) Will the University take action to invite the alumnus for a programme "Campus calling" on the foundation day and have an interaction with KVASU and students?

**Answer Qtn 5 (1,2 & 3):** The proceedings for starting a web portal for alumni has been initiated. It has been decided to organize interactions of students with alumni who have excelled in administrative, academic and research portfolios with the involvement of Associate patrons, Students union, Parent Teachers Associations and Student Counseling Centers of various colleges under KVASU.
**DECISION 5(1,2 & 3):** The answers submitted were approved.
*Action: DE/DAR*

---

**Qtn 6:** Vide the circular no. KVASU/DAR/Admn (2)/10096/2016 dated 02/11/2021 from the Directorate of Academics and Research, all concerned were instructed to furnish the updated details of various collaborative activities undertaken by the University with other National/International Universities/ Institutions/ Organizations/Companies. The current status of such collaborations including Student

Exchange/Faculty Exchange programmes needs to be thoroughly reviewed for its intended outcomes. Supplementing the above, it is requested that fresh proposals received as on date from different faculties requesting for initiating new academic/research collaborations and the future plan of action with regard to the Academic/Research Collaborations, in general, need to be added to this.

Hence,

Whether the Management Council would instruct the competent authority to report the updated list of collaborative activities of the KVASU as of date with its status, and would recommend a detailed review of the existing collaborations and the future plan of action?

**Answer Qtn 6:** The list of collaborative activities of the University is details below:

| Sl No: | Name of the Institute/ Organisation / Industry | Date of start | Period | Depts associated |
|---|---|---|---|---|
| 1 | National Institute for Animal Nutrition and Physiology, Bangalore (NIANP) | 05-12-2014 | 10 years | ARGO, Pookode, Mnnuthy Nutrition, Mannuthy |
| 2 | Central Institute of Fisheries Technology, Kochi, Kerala (CIFT) | 8-05-2019 | 3 years | LPT, Pookode |
| 3 | Lala Lajpat Rai University of Veterinary and Animal Sciences, Haryana (LUVAS) and University of Minnesota | 10-01-2018 | 5 years | Microbiology, Pookode |
| 4 | ICAR National Research Centre on Meat, Hyderabad (NRCM) | 11-05-2021 | 3 years | LPT, Mannuthy, IPR cell |
| 5 | Central Coastal Agricultural Research Institute, Goa (CCARI) | 21-04-2021 | 3 years | DE wing. KVASU |
| 6 | DBT National Institute of Animal Biotechnology, Hyderabad (NIAB) | 04-08-2021 | 3 years | AGB, Biochemistry, Mannuthy |
| 7 | National Dairy Development Board, Gujarat (NDDB) | 20-07-2016 | 5 years | (To be renewed) |
| 8 | University of Calicut, Kerala | 20-08-2019 | 5 years | |
| 9 | DM Wayanad Institute of Medical Sciences, Wayanad (DM WIMS) | 03-09-2021 | 5 years | Dr Deepa PM, nodal Officer |
| 10 | Kemin Industries Ltd, Chennai | 23-04-2021 | 2 years | Nutrition, Pookode |
| 11 | Arjuna Natural Private Limited, Aluva, Kerala (ANPL) | 09-07-2021 | 5 years | LPT, Mannuthy |
| 12 | AVT Natural Products Limited, Aluva, Kerala | 16-08-2021 | 3 years | LPT, Mannuthy |
| 13 | Veterinary College Alumni Association, Kerala (VAAK) | 30-07-2021 | | CVAS, Mannuthy |

| | | | | |
|---|---|---|---|---|
| 14 | Umbrella MoU ICAR | To be returned by ICAR | | AGB, Poultry, Pig Farm, Mannuthy |
| 15 | Rajiv Gandhi Centre for Biotechnology, Thiruvananthapuram (RGCB) | To be returned by Director, RGCB | 2 years | BRTC, Thiruvananthapuram |
| 16 | University of Minnesota, USA DTRA-UMN project | 9/8/2017 | 31/12/2021 | Dept of Vety Microbiology, Pookode |

**DECISION 6:** The answer submitted was approved.

*Action: DE/DAR*

==============================================================

I.4

Motions without notice, if any.

**Motion Raised by Shri. Vishnu. T**

**അടിയന്തിര പ്രമേയം: 1**

1) മണ്ണൂത്തി വെറ്ററിനറി കോളേജിൽ പുതിയൊരു ഓഡിറ്റോറിയം നിർമിക്കുന്നതുമായി ബന്ധപ്പെട്ട് ജനുവരി 29ന് നടന്ന 39 ആം മാനേജ്മെന്റ് കൗൺസിൽ യോഗത്തിൽ പ്രമേയമായി അവതരിപ്പിക്കുകയും, കൗൺസിൽ വിഷയം ചർച്ച ചെയ്തിന്റെ അടിസ്ഥാനത്തിൽ പുതിയ ഓഡിറ്റോറിയം നിർമിക്കാൻ തീരുമാനിക്കുകയും, പ്രമേയം കൗൺസിൽ അംഗീകരിക്കുകയും ചെയ്തു. എന്നാൽ തുടർന്ന് ഈ വിഷയം നാളിതുവരയായി BOM ൽ ചർച്ചക്ക് വെക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. 800 ൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന മണ്ണൂത്തി ക്യാമ്പസ്സിൽ കോളേജ് പ്രോഗ്രാമുകൾ നടത്തുവാൻ വേണ്ട സാങ്കേതിക സംവിധാനങ്ങൾ ഇല്ലാത്ത, പകുതി വിദ്യാർത്ഥികളെ പോലും ഉൾകൊള്ളിക്കാൻ കഴിയാത്ത പഴയ ഓഡിറ്റോറിയം ആണ് നിലവിൽ ഉള്ളത്. ആയതിനാൽ CVAS MANNUTHY, VKIDFT കോളേജുകളിലെ പ്രോഗ്രാമുകൾ നടത്താൻ ഒരു ഓഡിറ്റോറിയം ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് മനസിലാക്കിക്കൊണ്ട് മണ്ണൂത്തി ക്യാമ്പസ്സിനുള്ളിൽ ഒരു പുതിയ ഓഡിറ്റോറിയം നിർമിക്കുന്ന വിഷയം അടിയന്തിരമായി BOM ൽ അംഗീകരിക്കാനും, പുതിയ ഓഡിറ്റോറിയം നിർമിക്കാൻ വേണ്ട നടപടികൾ സ്വീകരുക്കണമെന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** മണ്ണുത്തി കാമ്പസ്സിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനു സ്ഥല പരിമിതി ഒരു തടസ്സമായി മുന്നിൽ നിൽക്കുന്നതിനാൽ ഓഡിറ്റോറിയം പണിയുന്നതിലേക്കു സ്ഥലം ലഭ്യമാക്കി ആവശ്യമായ ഫണ്ടും അനുവദിച്ചു കിട്ടുന്ന മുറക്കു ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണെന്ന തീരുമാനത്തോടെ പ്രമേയം അംഗീകരിച്ചു.

*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)*

---------------------------------------------------------------------

**അടിയന്തിര പ്രമേയം: 2**

2) കേരള വെറ്ററിനറി സർവകലാശാലയുടെ കീഴിൽ ഉള്ള CASM കോളേജിലെ BSc പൗൾട്രി പ്രൊഡക്ഷൻ ആൻഡ് ബിസിനസ് മാനേജ്മെന്റ് (PPBM) എന്ന് കോഴ്സിലെ ജനറൽ, OBC, SEBC വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് നാളിതുവരെ ഈ - ഗ്രാൻഡ് ആനുകൂല്യം ലഭിച്ചിട്ടില്ല. നിലവിൽ വിവരാവകാശ രേഖ പ്രകാരം ടി കോളേജ് ഒരു സെൽഫ് ഫിനാൻസ് കോളേജ് എന്ന രീതിയിലുള്ള റിപ്പോർട്ടാണ് പിന്നോക്ക ക്ഷേമ വികസന വകുപ്പിൽ ലഭിച്ചിരിക്കുന്നത്. അതോടൊപ്പം തിരുവാഴംകുന്ന് എന്നത് വെറ്ററിനറി സർവകലാശാലയുടെ ഒരു പ്രാദേശിക കേന്ദ്രമായി മാത്രമാണ് പട്ടികജാതി- പട്ടികവർഗ്ഗ,പിന്നോക്ക ക്ഷേമ വകുപ്പ് രേഖകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.കോളേജ്, സർവകലാശാല തലത്തിൽ നിന്ന് നിരവധി കത്തുകൾ മൃഗസംരക്ഷണ വകുപ്പിലേക്ക് അയച്ചിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരുവിധ നടപടികളും സ്വീകരിച്ചിട്ടില്ല . എന്നാൽ BSc PPBM കോഴ്സ് പഠിക്കുന്ന പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥികൾക്ക് നിലവിൽ ഈ ഗ്രാൻഡ് ആനുകൂല്യം ലഭിക്കുന്നുമുണ്ട്. ആയതിനാൽ അടിയന്തരമായി CASM കോളേജിലെ ജനറൽ, OBC, SEBC വിദ്യാർത്ഥികൾക്ക് ഇ -ഗ്രാൻഡ് ആനുകൂല്യം ലഭ്യമാക്കാൻ മൃഗസംരക്ഷണ വകുപ്പ്, പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പുകളിൽ വേണ്ട ഇടപെടലുകൾ നടത്തണമെന്ന് സഭാ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു.

*നടപടി: രജിസ്ട്രാർ/ഡി.എ.ആർ.*

-----------------------------------------------------------------------

**അടിയന്തിര പ്രമേയം: 3**

3) സർവകലാശാലയുടെ കീഴിലെ യൂണിവേഴ്സിറ്റി യൂണിയൻ, വിവിധ കോളേജ് യൂണിയൻ എന്നിവയുടെ പ്രവർത്തന ഫണ്ടിനായി വിദ്യാർത്ഥികൾ ഫീസ് മുഖേന അടക്കുന്ന പൈസ നിലവിൽ ഡീനിന്റെ പൊതുവായ അക്കൗണ്ടിലേക്കാണ് അടക്കുന്നത്. ആയതിനാൽ ഒരു സാമ്പത്തിക വർഷം അവസാനിക്കുന്ന സമയത്ത് അക്കൗണ്ടിൽ മിച്ചം വരുന്ന തുക തിരികെ സർവകലാശാലയിലേക്ക് പോകാറുണ്ട്, ഡീനിന്റെ പൊതുവായ അക്കൗണ്ട് ആയതിനാൽ തന്നെ ആകെ തുകയായ യൂണിയൻ ഫണ്ടിന്റെ കണക്ക്, വിനിയോഗിച്ച പൈസയുടെ കണക്ക്, അക്കൗണ്ടിൽ മിച്ചമുള്ള തുകയുടെ കണക്ക് എന്നിവ ലഭ്യമാക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഒപ്പം ഫണ്ട് വിനിയോഗിക്കുന്നതിലും, ബില്ല് മാറി പൈസ ലഭിക്കുന്നതിലും ഏറെ കാലതാമസവും ബുദ്ധിമുട്ടുകളും നേരിടുന്നുണ്ട്. ആയതിനാൽ

| | |
|---|---|
| | വിദ്യാർത്ഥികളിൽ നിന്ന് ഫീസ് ഇനത്തിൽ വാങ്ങുന്ന യൂണിയൻ ഫണ്ടിനായുള്ള പൈസ ഡീനിന്റെ പേരിൽ ഒരു പ്രത്യേക അക്കൗണ്ട് ആരംഭിച്ചുകൊണ്ട് അതിലേക്ക് അടക്കാനും, അതിലൂടെ വിദ്യാർത്ഥികളുടെ പൈസയുടെ കൃത്യമായ കണക്കുകൾ ലഭ്യമാക്കാനും, മേല്പറഞ്ഞ ബുദ്ധിമുട്ടുകളും പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ,ഒപ്പം എല്ലാ കോളേജ് ഹെഡിന്റെ അടുത്ത് നിന്ന് യൂണിവേഴ്സിറ്റി യൂണിയന്റെ ഫണ്ട് കൃത്യമായി യൂണിവേഴ്സിറ്റി യൂണിയൻ ട്രെഷററായ DE യുടെ അക്കൗണ്ടിലേക്ക് കൃത്യമായി എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം എന്ന് സഭ പ്രമേയത്തിലൂടെ ആവശ്യപെടുന്നു.<br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു.<br>*നടപടി: ഡി.എ.ആർ./ഫിനാൻസ് ഓഫീസർ* |
| I.5 | Motions for change in the order of business, if any. |
| **Decision** | No suggestions have been received. |
| I.6 | Confirmation of minutes of the previous meetings & Action taken report on the minutes, if any. |
| **Decision** | Noted & confirmed. |
| I.7 | Report of the Board of Management on action taken on the decision of the Management Council. |
| **Decision** | No Report considered. |
| I.8 | Business brought forward by the Board of Management and the Vice Chancellor. |
| **Decision** | No Business brought forward. |
| II.1 | DAR - Approval of Results – Reg: |
| **Decision** | Approved. |
| VII | Non – Official Resolution<br>**RESOLUTIONS RAISED BY Shri. SHYJU. K R**<br>**പ്രമേയം 1:** എല്ലാ സ്റ്റേഷനുകളിലെയും മൃഗങ്ങളുടെ Culling list തയ്യാറാക്കി വിൽപന നടത്തുന്ന-തിലേക്കായി ഈ മാനേജ്മെന്റ് കൗൺസിലിൽ തീരുമാനമെടുക്കണം.<br>**റിമാർക്ക്സ്/നോട്സ്:** നിലവിൽ സർവ്വകലാശാലയുടെ എല്ലാ സ്റ്റേഷനുകളിലും മൃഗങ്ങളുടെ Culling നടത്താറുണ്ട്. ജനുവരി 2021 മുതൽ 2022 മേയ് മാസം വരെ സർവ്വകലാശാലയുടെ വിവിധ സ്റ്റേഷനുകളിൽ Culling നടത്തിയ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *(അനുബന്ധം കാണുക, പേജ് 48)*<br>**തീരുമാനം :** പ്രമേയം അംഗീകരിച്ചു.<br>*നടപടി: ഡയറക്ടർ (ഫാംസ്)*<br>------------------------------------------------------------------------------------------- |

**പ്രമേയം 2:** മണ്ണുത്തി സ്റ്റേഷനിലെ തൊഴിലാളികളുടെ HRA cutt ചെയ്യുന്നതിനോടൊപ്പം തന്നെ ക്വാർട്ടേഴ്സ് Rent വിഹിതം ശമ്പളത്തിൽ നിന്ന് ഈടാക്കുന്നു. എല്ലാ സ്റ്റേഷനുകളിലും നടപ്പിലാക്കുന്നതുപോലെ മണ്ണുത്തി സ്റ്റേഷനിലും HRA മാത്രം cutt ചെയ്യുന്നതിനായി ഈ യോഗം തീരുമാനം എടുക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം, ജീവനക്കാർക്ക് ഫാമിലി ക്വാട്ടേഴ്സ് സൗകര്യം അനുവദിക്കുമ്പോൾ HRA ലഭിക്കുന്നതല്ല. 45,600 – 95,600 രൂപ ശമ്പള സ്കെയിലിനു മുകളിലുള്ള ജീവനക്കാർക്ക് ക്വാട്ടേഴ്സ് സൗകര്യം അനുവദിക്കുമ്പോൾ ടി ജീവനക്കാരുടെ HRA കട്ട് ചെയ്യുന്നതോടൊപ്പം അടിസ്ഥാന ശമ്പളത്തിൻറെ 2% വാടകയായി ഈടാക്കുകയും ചെയ്യുന്നതാണ്. എന്നാൽ അടിസ്ഥാന ശമ്പളം മേൽ രൂപ ശമ്പള സ്കെയിലിനു ചുവടെയുള്ള ജീവനക്കാരിൽ നിന്നും വെള്ളക്കരം മാത്രമാണ് ജീവനക്കാരന്റെ ശമ്പളത്തിൽ നിന്നും കുറവു ചെയ്യുന്നത്, വാടക ഈടാക്കുന്നതല്ല.

ഇത്തരത്തിലല്ലാതെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും വാടക ഇനത്തിൽ തുക കുറവു ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

**തീരുമാനം :** ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഡയറക്ടർ (ഐ.ഡി. വിംഗ്)–നെ ചുമതലപ്പെടുത്തി.

*നടപടി: ഡയറക്ടർ (ഐ.ഡി. വിംഗ്)*

---

**പ്രമേയം 3:** എല്ലാ സ്റ്റേഷനുകളിലെയും തൊഴിലാളികൾക്ക് യൂണിവേഴ്സിറ്റി എംബ്ലം മുദ്രണം ചെയ്ത ഏകീകരിച്ച യൂണിഫോം ധരിച്ച് ജോലിക്ക് എത്തുന്നതിന് ഈ യോഗം തീരുമാനിക്കുന്നു.

**റിമാർക്ക്സ്/നോട്സ്:** സർവ്വകലാശാലയിലെ എല്ലാ തൊഴിലാളി കൾക്കും യൂണിഫോം ബാധകമാക്കിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാലാ എബ്ലം മുദ്രണം ചെയ്യണം എന്ന നിർദ്ദേശം നൽകിയിട്ടില്ല. യൂണിഫോമിൽ സർവ്വകലാശാലാ എബ്ലം ചെയ്യണം എന്ന നിർദ്ദേശം നൽകാവുന്നതാണ്.

**തീരുമാനം :** പ്രമേയം അംഗീകരിച്ചു. തൊഴിലാളികളുടെയും വിദ്യാർത്ഥികളുടെയും യൂണിഫോം പരിഷ്ക്കരിച്ച് എകീകരിക്കുന്നതിലേക്കു നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ശ്രീ. ഷൈജു. കെ.ആർ., ശ്രീ. രവിചന്ദ്രൻ.യു., ശ്രീ. വിഷ്ണു.റ്റി., ഡോ. സി. ലത ഡി.എ.ആർ, ഡീൻ, സി.വി.&എ.എസ്., മണ്ണുത്തി, ഡീൻ, സി.വി.&എ.എസ്., എന്നിവരടങ്ങുന്ന ഒരു കമ്മറ്റിയെ നിയോഗിച്ചു.

*നടപടി: രജിസ്ട്രാർ/ഡി.എ.ആർ./ലേബർ ഓഫീസർ*

| | |
|---|---|
| OA 1 | DAR- Research- Reconstitution of Research Council- reg |
| Decision | Approved<br>*Action: DAR* |
| OA 2 | പൊതുഭരണം - ജി.എ./എ2 - സ്റ്റാറ്റ്യൂട്ട് 198(2), 198(4) എന്നിവ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. |
| Decision | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |
| OA 3 | പൊതുഭരണം – ജി.എ./ബി1 – സർവ്വകലാശാലാ Act 44 (3) ഭേദഗതി ചെയ്യുന്നത് – സംബന്ധിച്ച്. |
| Decision | അംഗീകരിച്ചു.<br>*നടപടി: രജിസ്ട്രാർ* |

**അജണ്ടാക്കുറിപ്പുകൾക്കു പുറത്തു നടന്ന ചർച്ചകളും തീരുമാനങ്ങളും:**

1. ഫാം ഉപദേശക സമിതി രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവിൽ ഫാം സൂപ്പർവൈസർ/ഫാം അസിസ്റ്റന്റ് ജീവനക്കാരെ ഉൾപ്പെടുത്തിയിട്ടില്ല എന്നും ടി വിഭാഗം ജീവനക്കാരെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുതുക്കി ഇറക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്നു ബഹു. അംഗം ശ്രീ. രവിചന്ദ്രൻ.യു. ആവശ്യപ്പെട്ടു. പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണെന്ന് രജിസ്ട്രാർ അറിയിച്ചു.
   *നടപടി: രജിസ്ട്രാർ*
2. തുടർന്നു വരുന്ന സർവ്വകലാശാലയുടെ കോൺവൊക്കേഷനിൽ 2016 ബാച്ചിലെ വിദ്യാർത്ഥികളെക്കൂടി പങ്കെടുപ്പിക്കാൻ സാധിക്കുന്ന വിധത്തിൽ തീയ്യതി ക്രമീകരിക്കുന്നതായിരിക്കും ഉചിതം എന്ന് ബഹു. അംഗം ശ്രീ. വിഷ്ണു. റ്റി അഭിപ്രായപ്പെട്ടു. ഈ വിഷയം പരിശോധിച്ചു റിപ്പോർട്ട് ചെയ്യാൻ ഡി.എ.ആറിനെ ചുമതലപ്പെടുത്തി. തുടർന്നു സാധിക്കുമെങ്കിൽ തീയതി ക്രമീകരിക്കുന്നത് പരിഗണിക്കാവുന്നതാണെന്ന് ചെയർ അറിയിച്ചു.
   *നടപടി: ഡി.എ.ആർ.*
3. സർവ്വകലാശാലയിൽ നിന്നുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കു വേഗത്തിൽ ലഭ്യമാക്കുന്നതിലേക്കായി വിദ്യാർത്ഥികളുടെ സേവനം ഉപയോഗപ്പെടുത്തി കാൾ സെന്റർ ആരംഭിക്കുന്ന വിഷയം പരിഗണിക്കണമെന്നു ബഹു. അംഗം ഡോ. ജി. ഗിരിഷ് വർമ്മ ആവശ്യപ്പെട്ടു. ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡയറക്ടർ (എന്റർപ്രണർഷിപ്പ്)–നെ ചുമതലപ്പെടുത്തി.
   *നടപടി: ഡയറക്ടർ (എന്റർപ്രണർഷിപ്പ്)*
4. പ്രതിവർഷം സർവ്വകലാശാലക്കു ലഭിക്കുന്ന നോൺ–പ്ലാൻ ഗ്രാന്റിലെ ഗണ്യമായ കുറവ് സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു എന്നും, ശമ്പളം പെൻഷൻ തുടങ്ങിയവ പൂർണ്ണമായി നൽകുന്നതിനു സാധിക്കാതെ വരുന്ന സ്ഥിതി വിശേഷം സംജാതമാകുന്നതിന് ഇടയാകുമെന്നും, ആയതിനാൽ ഈ വിഷയം ഗൗരവമേറിയതായി കണ്ട് സർവ്വകലാശാലക്കുള്ള നോൺ–പ്ലാൻ വിഹിതം വർദ്ധിപ്പിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തു നിന്നും അടിയന്തിരമായി സ്വീകരിക്കണമെന്ന് ബഹു. അംഗം ഡോ. സാബിൻ ജോർജ്ജ് അഭിപ്രായപ്പെട്ടു.

   ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലം സർവ്വകലാശാല ഇപ്പോൾ സാമ്പത്തിക ഞെരുക്കത്തിലാണെന്നത് വസ്തുതയാണെന്നും, ഈ വിഷയം ഗൗരവമായി തന്നെ കണ്ടുകൊണ്ട് സർവ്വകലാശാലക്കു മതിയായ നോൺ–പ്ലാൻ വിഹിതം അനുവദിച്ചു കിട്ടുന്നതിനായി നിരന്തരമായി സർക്കാരുമായി ഇടപെടലുകൾ നടത്തി വരികയാണെന്നും ചെയർ യോഗത്തെ അറിയിച്ചു. തുടർന്നു വരുന്ന ആഴ്ചയിൽ ഈ വിഷയം ബഹു. മുഖ്യമന്ത്രിക്കു മുൻപാകെ അവതരപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണെന്നും ചെയർ അറിയിച്ചു.
   *നടപടി: ഫിനാൻസ് ഓഫീസർ*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 04.30 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(22/06/2022 തീയതിയിൽ അംഗീകരിച്ചു)*

**//True Copy//**

**SECTION OFFICER - GA/B Section**